## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.104 — 07.06.2018-ൽ മറുപടിക്ക്

### തീരദേശ മേഖലയുടെ സമഗ്ര വികസനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എസ്.ശർമ്മ<br>ശ്രീമതി.യു. പ്രതിഭ ഹരി<br>ശ്രീ.കെ.ദാസൻ | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി പ്രഖ്യാപിച്ച 2000 കോടി രൂപയുടെ പാക്കേജ് പ്രകാരം ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നും അവയുടെ പ്രാരംഭ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോയെന്നും വിശദമാക്കാമോ; | (എ) | ഓഖിയുമായി ബന്ധപ്പെട്ട് സമുദ്ര തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്കായി ഒരു സ്പെഷ്യൽ പാക്കേജ് ഉണ്ടാക്കുന്നതിനായി ശ്രീ.എസ്.എം.വിജയാനന്ദ്, ഐ.എ.എസ്(റിട്ട.) ചെയർമാൻ സി.എം.ഡിയുടെ അദ്ധ്യക്ഷതയിൽ ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി, ഫിഷറീസ് ഡയറക്ടർ, ടി മേഖലയിലെ വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. വിദഗ്ധ കമ്മിറ്റി സിറ്റിംഗുകൾ നടത്തുകയും സ്പെഷ്യൽ പാക്കേജ് നടപ്പിലാക്കുന്നതിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) തയ്യാറാക്കുന്നതിനുള്ള Terms of reference തയ്യാറാക്കിവരുന്നു |
| (ബി) | അടുത്ത മൂന്നു വർഷത്തിനുള്ളിൽ എല്ലാ മത്സ്യത്തൊഴിലാളികൾക്കും വീട് നിർമ്മിച്ച് നൽകുവാനുള്ള പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (ബി) | ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിസ്റ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിന്റെ (എൻ.ഐ.ആർ.ഡി) 2010 ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് ആകെ 29,209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവന രഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭൂരഹിത ഭവനരഹിതരുമായിരുന്നു.<br><br>2010-11 മുതൽ 2016-17 വരെയുള്ള വർഷ കാലയളവിൽ ഫിഷറീസ് വകുപ്പ്, വിവിധ പദ്ധതികളിലായി ധനസഹായം നൽകി 16493 പേർ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ഭവനരഹിതരും ഭൂരഹിതരുമായ മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും 'ലൈഫ്' മിഷനിൽ ഉൾപ്പെടുത്തി ഭവനം നിർമ്മിച്ച് നല്കാനാകും.<br><br>2016 -ൽ ഫിഷറീസ് വകുപ്പ് നടത്തിയ പ്രാഥമിക സർവ്വേ പ്രകാരം തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന ഏകദേശം 24,454 മത്സ്യത്തൊഴിലാളി |

കുടുംബങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. ഇതിൽ 10,000 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ കടലാക്രമണം ഏറ്റവും രൂക്ഷമായ പ്രദേശങ്ങളിലാണ് ഉള്ളത്. ടി കുടുംബങ്ങളെ ഘട്ടം ഘട്ടമായി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

കടലാക്രമണം രൂക്ഷമായതും തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ വസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിയ്ക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ "അടിസ്ഥാന സൗകര്യ വികസനവും മാനവ ശേഷി വികസനവും" എന്നതിൽപ്പെടുത്തി 150 കോടി രൂപയുടെ ഭവന പദ്ധതി നടപ്പിലാക്കി വരുന്നു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതി ഘടകങ്ങൾ | വകയിരുത്തിയ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരും CRZ അനുവദനീയ സ്ഥലങ്ങളിൽ സ്വന്തം ഭൂമിയുള്ളവരു മായ 1200 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം @4 ലക്ഷം രൂപ | 4800.00 |
| 2 | 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം @10 ലക്ഷം രൂപ | 7500.00 |
| 3 | തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കു ന്നതി നായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് | 700.00 |
| 4 | 200 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 25 ഫ്ളാറ്റ് അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം | 2000.00 |
| | ആകെ | 15000.00 |

| | | | |
|---|---|---|---|
| | | | തീരദേശത്തിന്റെ സമഗ്ര വികസനത്തിനായി 2018-19 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 2000 കോടി രൂപയുടെ സമഗ്ര വികസന പദ്ധതി നടപ്പിലാക്കുന്ന തിനുള്ള ഡി.പി.ആർ തയ്യാറാ ക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. തീരദേശത്തിന്റെ ഭവന നിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ ഈ പാക്കേജിൽ ഉൾപ്പെടുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലും മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി 150 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (സി) | കടൽക്ഷോഭത്തിൽ തകർന്ന തീരപ്രദേശത്തെ റോഡുകൾ നന്നാക്കുന്നതിനും മത്സ്യലേല കേന്ദ്രങ്ങളും വിപണന കേന്ദ്രങ്ങളും നവീകരിക്കുന്നതിനും സത്വര നടപടി സ്വീകരിക്കാമോ? | (സി) | കടൽക്ഷോഭത്തിൽ തകർന്ന തീരദേശ റോഡുകൾ നന്നാക്കുന്നതിന് ജനപ്രതിനിധികൾ നിർദ്ദേശിക്കുന്നതനുസരിച്ച് എസ്റ്റിമേറ്റ് റിപ്പോർട്ട് തയ്യാറാക്കി കോസ്റ്റൽ റോഡുകളുടെ പുനരുദ്ധാരണ പദ്ധതി പരിശോധിച്ചു വരുന്നു. മത്സ്യലേല കേന്ദ്രങ്ങൾ കാലാനുസൃതമായി നവീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>തീരദേശ കടൽ ക്ഷോഭത്തിൽ തകർന്ന റോഡുകളും മത്സ്യലേല കേന്ദ്രങ്ങളും വിപണന കേന്ദ്രങ്ങളും നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**